# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## സീയന്നയിലെ വിശുദ്ധ കാതറിൻ



കാതറിന്റെ കുടുംബം കഠിനമായ അദ്ധ്വാനത്തിലൂടെയാണ് കടന്നുപോയത്. താഴത്തെ നിലകളിലുള്ള മുറികളിൽ താമസവും മുകളിലത്തെ നിലയിൽ ജോലിസ്ഥലവുമായിട്ടായിരുന്നു അവരുടെ ഭവനത്തിന്റെ നിർമ്മാണം. ഒരു ദിവസം കാതറിൻ തന്റെ സഹോദരിയോടൊപ്പം ജോലിസ്ഥലത്തുനിന്ന് മടങ്ങുകയായിരുന്നു. താഴ്‌വാരത്ത് സ്ഥിതി ചെയ്യുന്ന വിശുദ്ധ ഡൊമിനിക്കിന്റെ ദേവാലയത്തിനടുത്തെത്തിയപ്പോൾ അവൾക്ക് മനോഹരമായ ഒരു ദർശനം ഉണ്ടായി. അവളുടെ ജീവിതത്തിൽ വളരെയേറെ സ്വാധീനം ചെലുത്തിയ ഒരനുഭവമായിരുന്നു അത്. വളരെ മനോഹരമായ ഒരു സിംഹാസനത്തിൽ മാർപ്പാപ്പായുടെ തിരുവസ്ത്രങ്ങളണിഞ്ഞ് യേശു സന്നിഹിതനായിരിക്കുന്നു. അവിടുത്തെ ശിരസ്സിൽ മനോഹരമായ ഒരു കിരീടവും ഉണ്ട്. ഈശോയുടെ അടുക്കൽ ശിഷ്യന്മാരുണ്ടായിരുന്നു. എങ്കിലും അവിടുത്തെ ശ്രദ്ധ കാതറിനു നേരെ തിരിഞ്ഞു. സ്നേഹമൂറുന്ന ആ കണ്ണുകളിൽ നിന്നുള്ള പ്രകാശം എത്ര വർണ്ണിച്ചാലും മതിയാവാത്തതായിരുന്നു എന്നാണ് പ്രസ്തുത ദർശനത്തെക്കുറിച്ച് കാതറിൻ പറഞ്ഞത്. ഈശോ തന്റെ കൈവശമിരുന്ന കുരിശുരൂപമെടുത്ത് കാതറിനെ ആശീർവ്വദിച്ചു. ആറു വയസ്സുമാത്രമുണ്ടായിരുന്ന അവളുടെ ജീവിതത്തിലെ ഏറ്റവും മഹനീയമായ അനുഭവവും ദർശനവുമായിട്ടാണ് ഇത് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. അവൾ തന്റെ കന്യകാത്വം പരിശുദ്ധ അമ്മയുടെ തൃപ്പാദത്തിങ്കൽ സമർപ്പിച്ചു.

യേശുവിനോടുള്ള സ്നേഹത്തിൽ അവളെ വളർത്തുവാൻ അതിലുപരിയായി ആർക്കാണ് സാധിക്കുക. പ്രശ്നങ്ങളുടെയും പ്രതിസന്ധികളുടെയും നടുവിലും യേശുവിനോടുള്ള സ്നേഹം മുറുകെ പിടിക്കേണ്ടതെങ്ങനെയെന്ന് കുരിശിനു താഴെ നിൽക്കുന്ന പരിശുദ്ധ അമ്മ അവൾക്ക് കാണിച്ചുകൊടുത്തു. ഈശോയോടുള്ള സ്നേഹത്തിൽ ഓരോ ചുവട് മുന്നോട്ടു വയ്ക്കുമ്പോഴും പരിശുദ്ധ അമ്മ സ്നേഹമൂറുന്ന മിഴികളോടെ അവളെ നോക്കിനിന്നു. പരിശുദ്ധ ദൈവമാതാവിന്റെ മുമ്പിൽ നിന്ന് ഇപ്രകാരം ഒരു പ്രതിജ്ഞ കാതറിൻ എടുക്കുന്നതായി നാം കാണുന്നുണ്ട്. ''അമ്മ മാതാവേ എന്റെ കുറവുകളും ബലഹീനതകളും പരിഗണിക്കാതെ ദൈവകുമാരന്റെ സന്നിധിയിൽ കറയില്ലാത്ത ഒരു പുഷ്പമായി എന്നെ അമ്മ സമർപ്പിച്ചാലും. അമ്മയോടും ഈശോയോടും ഞാൻ വാഗ്ദാനം ചെയ്തിരിക്കുന്നതുപോലെ എന്റെ കന്യകാത്വം ദൈവമഹത്വത്തിനായ് ഞാൻ സമർപ്പിക്കുന്നു.''ഈ പ്രാർത്ഥന തുടർന്നപ്പോൾ പരിശുദ്ധ അമ്മ അവൾക്ക് പ്രത്യക്ഷയായി. കാതറിന്റെ കരം പിടിച്ച് യേശുവിന്റെ കൈകളിൽ ഏൽപ്പിച്ചു. അന്നുമുതൽ കാതറിൻ ക്രിസ്തുവിന്റെ മണവാട്ടിയായി തന്നെത്തന്നെ കരുതി. അക്കാലത്ത്

സമ്പന്നകുടുംബങ്ങളിൽ നിന്നുള്ള പെൺകുട്ടികൾപോലും വിദ്യാഭ്യാസത്തിനായി സ്കൂളിൽ പോയിരുന്നില്ല. അതിനാൽ തന്നെ കാതറിനു ലഭിച്ച വിദ്യാഭ്യാസവും തുച്ഛമായിരുന്നു. വിശ്വാസസംബന്ധമായ കാര്യങ്ങളിൽ കുട്ടികളെ പരിശീലിപ്പിക്കുന്നതിന് അക്കാലത്ത് ഏറ്റവും അധികമായി ഉപയോഗിച്ചിരുന്നത് ചുവർചിത്രങ്ങളായിരുന്നു. അവയുടെ സഹായത്തോടുകൂടിയാണ് അടിസ്ഥാനപരമായ വിശ്വാസസത്യങ്ങളെക്കുറിച്ചുള്ള അറിവ് കാതറിൻ സ്വായത്തമാക്കിയത്.

കാതറിൻ തന്റെ കന്യാകാത്വം ദൈവത്തിനു സമർപ്പിച്ച വിവരം കേട്ടപ്പോൾ കുടുംബാംഗങ്ങൾ പരിഭ്രാന്തരായി. അവർ കാതറിനെ പ്രസ്തുത തീരുമാനത്തിൽ നിന്ന് പിൻമാറ്റുന്നതിനായ് ബന്ധുവായ ഒരു വ്യക്തിയെ നിയോഗിച്ചു. ഈ ബന്ധുവിനോട് കാതറിൻ തന്റെ ഹൃദയത്തിന്റെ ആഗ്രഹം പങ്കുവെച്ചു. അവരുടെ സഹായത്തോടുകൂടി ഭൗതികവസ്തുക്കളോടും ലൗകികസുഖങ്ങളോടും അവൾ യാത്ര പറഞ്ഞു. അവളുടെ മനോഹരമായ മുടി മുറിക്കുകയും സന്യാസജീവിതത്തിനായ് തന്നെത്തന്നെ ഒരുക്കുകയും ചെയ്തു. കാതറിൻ സന്യാസജീവിതം തിരഞ്ഞെടുത്തതിൽ കുടുംബാംഗങ്ങൾക്കുള്ള എതിർപ്പ് വളരെ ശക്തമായിരുന്നു.സന്യാസജീവിതത്തോടുള്ള അവളുടെ അഭിരുചി ഒഴിവാക്കുന്നതിനായി വ്യക്തിപരമായി സമയം ചിലവഴിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനുമുള്ള സൗകര്യങ്ങൾ അവർ എടുത്തുമാറ്റി.രണ്ടു സഹോദരങ്ങളുടെ ശാരീരികപീഡനങ്ങൾപോലും അവൾക്ക് സഹിക്കേണ്ടി വന്നു. മാനുഷിക പരിഗണനപോലും അവർ അവളോടു കാണിച്ചില്ല. വേദനകളുടെ ആ രാത്രിയിൽ അവൾക്കൊരു ദർശനമുണ്ടായി. എല്ലാ സഭകളുടെയും സ്ഥാപകർ അവൾക്ക് പ്രത്യക്ഷരായി. ഒരു ചുവട് മുന്നിൽ നിന്ന വിശുദ്ധ ഡോമിനിക്ക് അവളോടു പറഞ്ഞു. മകളെ, ഭയപ്പെടേണ്ടാ, നീ ഞങ്ങളുടെ സന്യാസ വസ്ത്രം തീർച്ചയായും സ്വീകരിക്കും.

തനിക്കുണ്ടായ ഈ ദർശനത്തെക്കുറിച്ചും ഈശോയ്ക്കു വേണ്ടി തന്റെ ജീവിതം സമർപ്പിക്കുവാനുള്ള അവളുടെ ആഗ്രഹത്തെക്കുറിച്ചും അവൾ വീണ്ടും മാതാപിതാക്കളോട് സംസാരിച്ചു. വിവാഹം കഴിക്കാതെ യേശുവിനു വേണ്ടി ജീവിതം സമർപ്പിച്ച് താൻ ജീവിച്ചുകൊള്ളാമെന്ന് അവൾ പറഞ്ഞു. വീട്ടിൽനിന്ന് പുറത്താക്കിയാലും തന്റെ തീരുമാനത്തിൽ നിന്ന് വ്യതിചലിക്കാൻ താൻ ഇഷ്ടപ്പെടുന്നില്ലെന്നു അവൾ അറിയിച്ചു. ക്രിസ്തു മാത്രമാണ് തന്റെ ജീവിതത്തിന് മതിയായവൻ എന്നവൾ അറിഞ്ഞിരുന്നു. അവസാനം അവളുടെ ആഗ്രഹത്തിന് വഴങ്ങാൻ പിതാവ് തീരുമാനിച്ചു. കുറച്ചു ദിവസങ്ങൾക്ക് മുമ്പ് അദ്ദേഹത്തിനും അത്ഭുതകരമായ ഒരു അനുഭവമുണ്ടായിരുന്നു. പ്രാർത്ഥിച്ചുകൊണ്ടിരുന്ന കാതറിന്റെ മുറിയിലേയ്ക്ക് കടന്നു ചെന്ന അദ്ദേഹം ഒരു ദർശനം കണ്ടു. കാതറിന്റെ ശിരസ്സിനുമുകളിൽ ഒരു പ്രാവ് പറന്നിറങ്ങുന്നു. അന്നുമുതൽ കുടുംബാംഗങ്ങളോട് അവളുടെ ആഗ്രഹത്തിനെതിരുനിൽക്കരുതെന്ന് അദ്ദേഹം കൽപിച്ചു.

ഡോമിനിക്കൻ സന്യാസസഭയിൽ ചേരുവാനുള്ള അവളുടെ ആഗ്രഹം ഫലമണിയുന്നതിന് വീണ്ടും അവൾക്ക് കാത്തിരിക്കേണ്ടി വന്നു. അവസാനം അമ്മയുടെ അനുവാദവും വാങ്ങി അവൾ ഡോമിനിക്കൻ സന്യാസസഹോദരിമാരുടെ അടുക്കലേക്ക് പോകുവാൻ തയ്യാറായി.അനുവാദം വാങ്ങുവാൻ പോയ അവളുടെ അമ്മ സാധ്യമല്ലെന്ന് സഹോദരിമാർ അറിയിച്ചതായിട്ടാണ് വീട്ടിൽ പറഞ്ഞത്. എന്നാൽ അടുത്തദിവസം കാതറിന് ഗുരുതരമായി രോഗം ബാധിക്കുകയും അവൾ മരണത്തിന്റെ വക്കിലെത്തുകയും ചെയ്തു. കുഞ്ഞിന്റെ ജീവൻ തിരികെക്കിട്ടിയാൽ അവളെ ദൈവത്തിന് സമർപ്പിക്കാൻ തയ്യാറാണെന്ന് ആ അമ്മ നേർച്ച നേർന്നു.ആദ്യം സന്യാസിനിമാർ കാതറിനെ സ്വീകരിക്കുവാൻ വിസമ്മതിക്കുവാനുണ്ടായ കാരണം അവൾ അതിസുന്ദരിയാണെന്നതായിരുന്നു. എന്നാൽ ഗുരുതരമായ ഈ രോഗം ബാധിച്ച അവളുടെ സൗന്ദര്യത്തിന് കോട്ടം സംഭവിച്ചിരുന്നതിനാൽ സന്യാസിനികൾ അവളെ സ്വീകരിക്കുവാൻ തയ്യാറായി. അതികഠിനമായ പ്രലോഭനങ്ങളുടെ നാളുകളായിരുന്നു പിന്നീട്. തിന്മയുടെ ശക്തികൾ പ്രത്യക്ഷവും പരോക്ഷവുമായി അവളുടെ ജീവിതത്തിൽ ആക്രമണം നടത്തി.

ഒരു ദിവസം മനോഹരമായ വസ്ത്രങ്ങളുമായി സുന്ദരനായൊരു യുവാവ് അവളുടെ അടുക്കലെത്തി. ആ വസ്ത്രങ്ങൾ സ്വീകരിക്കുവാൻ മനസിൽ ആഗ്രഹം ജനിച്ചതേ അവൾ പറഞ്ഞു. ഇല്ല, എനിക്കിത് നിഷിദ്ധമാണ്. ആ തീരുമാനം എടുത്ത നിമിഷം യുവാവ് അപ്രത്യക്ഷനായി. ഓ സ്നേഹമുള്ള മണവാളാ, ഞാനങ്ങയെ മാത്രമേ ആഗ്രഹിച്ചിട്ടുള്ളുവെന്ന് അങ്ങേയ്ക്കറിയാമല്ലോ. ഇപ്പോൾ എന്റെ സഹായത്തിനണയേണമേ. ഇതായിരുന്നു പ്രലോഭനസമയത്തുള്ള അവളുടെ പ്രാർത്ഥന. പ്രലോഭനങ്ങളുടെ നടുവിൽ അവളുടെ സ്നേഹമുള്ള അമ്മയും പ്രത്യക്ഷമായി അവളെ സഹായിക്കുവാനെത്തുമായിരുന്നു. സ്വർഗ്ഗീയവൃന്ദങ്ങളോടൊപ്പം തിന്മയുടെ ശക്തികളിൽനിന്ന് അവളെ

മറച്ചുപിടിക്കുവാൻ പരിശുദ്ധ അമ്മയും അവൾക്കുവേണ്ടി ഇറങ്ങിവന്നു. യേശുവിന്റെ പക്കൽ നിന്നുള്ള സ്നേഹസമ്മാനങ്ങളുമായിട്ടാവും പരിശുദ്ധ ദൈവമാതാവ് പലപ്പോഴും പ്രത്യക്ഷയാവുക. പതിവില്ലായിരുന്നെങ്കിലും ഡോമിനിക്കൻ മൂന്നാം സഭയിൽ കാതറിൻ ദാരിദ്ര്യവും കന്യകാത്വവും അനുസരണയും വ്രതങ്ങളായി സ്വീകരിച്ചു. സ്വയം ഒരു മുറിയിൽ പ്രായശ്ചിത്തപ്രവൃത്തികളുമായി അവൾ കഴിഞ്ഞുകൂടി. ദിവസം മൂന്നുതവണ സ്വയം പ്രഹരിക്കുമായിരുന്നു. ഉറക്കമൊഴിച്ച് രാത്രിയുടെ യാമങ്ങളിൽ അവൾ പ്രാർത്ഥനയിൽ മുഴുകി. മൂന്നുവർഷത്തോളം കഠിനമായ തപശ്ചര്യകളിലൂടെയായിരുന്നു അവളുടെ സഞ്ചാരം.

പുറം ലോകവുമായി യാതൊരു ബന്ധവുമില്ലാത്ത ആ നാളുകളിൽ ഈശോയും പരിശുദ്ധ ദൈവമാതാവും അവളെ നിരന്തരം സന്ദർശിച്ചു. പിതാവിന്റെ സ്നേഹത്തെക്കുറിച്ചും സ്വർഗീയകാര്യങ്ങളെക്കുറിച്ചും അവർ അവളോട് സംസാരിച്ചു. വീണുപോയ മാലാഖമാരും ഈ സ്വർഗീയ ആനന്ദത്തിന് വിഘാതമായെത്തി. ദുഷിച്ച ശബ്ദങ്ങൾകൊണ്ട് അവർ കാതറിന്റെ പ്രാർത്ഥനാജീവിതത്തെ ശല്യപ്പെടുത്താൻ ശ്രമിച്ചു. തിന്മയുടെ സ്വാധീനങ്ങളെ പരാജയപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ദിവ്യനാഥനോട് ചോദിച്ചപ്പോൾ അവിടുന്ന് ഇപ്രകാരം പറഞ്ഞു - കുരിശെടുക്കുക. ഞാൻ വഹിച്ചതുപോലെ കുരിശ് വഹിക്കുകയും സഹനങ്ങളെ സമർപ്പിക്കുകയും ചെയ്യുക. തിന്മയ്ക്കെതിരെയുള്ള ഏറ്റവും ശക്തമായ ആയുധമാണത്. കാരണം കുരിശാണ് തിന്മയെ പരാജയപ്പെടുത്തിയത്. പ്രലോഭനങ്ങളുടെയും പീഡനങ്ങളുടേയും നടുവിൽ ദൈവസാന്നിധ്യബോധം നഷ്ടപ്പെടാതിരിക്കാനും അങ്ങനെ അവയെ അതിജീവിക്കാനും അവിടുന്ന് അവളെ ഉദ്ബോധിപ്പിച്ചു. വായിക്കാൻ പഠിക്കണമെന്ന ആഗ്രഹത്തോടെ അവൾ അതിനുവേണ്ടി കഠിനമായി ശ്രമിച്ചുവെങ്കിലും സാധിച്ചില്ല. ഒരിക്കൽ അവൾ ഈശോയോട് പരാതി പറഞ്ഞു. ഞാനൊരു വിഡ്ഢിയായിരിക്കണമെന്നാണ് അവിടുത്തെ ആഗ്രഹമെങ്കിൽ ഞാനതിനും തയ്യാറാണ്. അല്ലാത്ത പക്ഷം നീതന്നെ എന്നെ പഠിപ്പിക്കുക. വരുംനാളുകളിൽ കാതറിൻ അത്ഭുതകരമായി വായിക്കുവാൻ പഠിച്ചു. ഒരിക്കലും അവൾക്ക് എഴുതാനാകുമായിരുന്നില്ല. മനോഹരവും ഗഹനവുമായ അവളുടെ ആശയങ്ങൾ നമുക്ക് ഇന്ന് ലഭ്യമാകുന്നത് അവൾ പറഞ്ഞുകൊടുത്ത് മറ്റുള്ളവരെക്കൊണ്ട് എഴുതിപ്പിച്ചതാണ്.

സഭാപാരംഗത എന്നതലത്തിലേക്കുയർന്ന എഴുത്തറിയില്ലാത്ത വിശുദ്ധയാണ് കാതറിൻ. വായിക്കുവാനുള്ള കഴിവ് ലഭിച്ചതോടുകൂടി അവളുടെ ജീവിതം കൂടുതൽ സന്തോഷകരമായി. പ്രാർത്ഥനകളും മറ്റും പുസ്തകത്തിൽ നോക്കി ചൊല്ലുവാനും അങ്ങനെ സന്യാസജീവിതത്തിന്റെ ഭാഗമായ യാമപ്രർത്ഥനകളിൽ പങ്കുകൊള്ളുവാനും അതിലൂടെ അവൾക്ക് വഴിയൊരുങ്ങി. പ്രാർത്ഥനാസമയത്ത് വിശുദ്ധരും മാലാഖമാരും അവളുടെ കൂടെ പ്രാർത്ഥിക്കുവാനെത്തിയിരുന്നു. മറിയത്തിലൂടെ യേശുവിന്റെ പക്കലെത്തുവാനാണ് സകലരും അവളെ ഉദ്ബോധിപ്പിച്ചത്. മറിയം കാതറിനെ കൈപിടിച്ച് യേശുവിന്റെ പക്കലെത്തിക്കും. യേശുവുമായുള്ള ബന്ധത്തിൽ വിള്ളൽ വീഴാതെ സൂക്ഷിക്കുന്നത് പരിശുദ്ധ അമ്മയാണ്. കാരണം യേശുവിന്റെ ഇഷ്ടങ്ങളും അനിഷ്ടങ്ങളും അതിൽ കൂടുതലായി അറിയാവുന്നവർ ആരുമില്ലല്ലോ. യേശു അവളുടെ കരങ്ങളിൽ സ്നേഹത്തിന്റെ പ്രതീകമായ മോതിരമണിയിച്ചു. എന്റെ വിവാഹം യേശുവുമായി നടത്തപ്പെട്ടുവെന്നും സ്വർഗത്തിലെ വിവാഹവിരുന്നിനെത്തുവോളം ഈ ബന്ധം വിള്ളലില്ലാതെ കാത്തുസൂക്ഷിക്കുമെന്നും അവൾ പറയുമായിരുന്നു. അന്നുമുതൽ തന്റെ ദിവ്യമണവാളനോട് അവൾ സകലകാര്യത്തിലും ആലോചന ചോദിച്ചുതുടങ്ങി. യേശുവിന്റെ സന്തോഷമല്ലാതെ തനിക്ക് യാതൊരു സന്തോഷവുമില്ലെന്ന് അവൾ പ്രഖ്യാപിച്ചു.

സീയന്നയിലെ പാവപ്പെട്ടവരിൽ പാവപ്പെട്ടവരുടെ അടുക്കലെത്തി സ്നേഹം പങ്കുവയ്ക്കുകയായിരുന്നു പിന്നീട് അവളുടെ ജീവിത ലക്ഷ്യം. ഈ ചെറിയവരിൽ ഒരുവനു ചെയ്തപ്പോൾ യേശുവിന് ചെയ്തുകൊടുത്തതായി അവൾക്ക് അനുഭവപ്പെട്ടു. ഗുരുതരമായ മുറിവുകളുള്ള രോഗികളെ പരിചരിക്കുവാൻ ആരുമില്ലാത്ത അവസ്ഥ വരുമ്പോൾ അതിനായി മുന്നിട്ടിറങ്ങുക എപ്പോഴും കാതറിനായിരുന്നു. കുഷ്ഠരോഗികളെ പരിചരിക്കുവാനായി കാതറിൻ തയ്യാറായ വിവരം അവളുടെ അമ്മയുടെ കാതിലെത്തിയപ്പോൾ അവർക്ക് അത് താങ്ങാവുന്നതിലും അധികമായിരുന്നു. 'കുഞ്ഞേ നീ ഒരു കുഷ്ഠരോഗിയാവുന്നത് കാണുവാൻ ഈ അമ്മയ്ക്ക് കഴിയില്ല' ആ അമ്മ കണ്ണുനീരോടെ പറഞ്ഞു. കാതറിൻ ധൈര്യത്തോടെ മറുപടി നൽകി 'അമ്മേ ഞാൻ ശുശ്രൂഷിക്കുന്നത് കുഷ്ഠരോഗികളെയല്ല, യേശുവിനെയാണ്.' അവിടുന്ന് ഒരിക്കലും എന്നെ കൈവിടുകയില്ല. അധികം താമസിയാതെ കാതറിന്റെ കൈകളിലും കാലുകളിലും വെളുത്ത പാടുകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങി. മാരകമായ ആ രോഗത്തിന്റെ

തുടക്കം. എന്നാൽ താൻ ശുശ്രൂഷിച്ചുകൊണ്ടിരുന്ന രോഗികൾ രോഗത്തിനടിമയായി മരിച്ചപ്പോൾ അവളുടെ പഴയ സൗന്ദര്യത്തിലേക്കും സൗഖ്യത്തിലേക്കും കാതറിൻ തിരിച്ചുവന്നു. സീയന്നയിൽ അവളുടെ ഖ്യാതി പടർന്നു. എല്ലാവർക്കും അവളുടെ പ്രാർത്ഥനാ സഹായം വേണം. ദൈവം അവൾ പറഞ്ഞാൽ കേൾക്കുമെന്നതായിരുന്നു അവർക്കുണ്ടായിരുന്ന ഉറപ്പ്. അനേകർ അവളുടെ വിശുദ്ധിയെയും ജ്ഞാനത്തെയും പുകഴ്ത്തിയപ്പോഴും, ധാരാളം ശത്രുക്കളും അവൾക്കുണ്ടായിരുന്നു. വെളിപാടുകളും രഹസ്യങ്ങളും ലഭിച്ചിരുന്ന വിദ്യാഭ്യാസമില്ലാത്ത കാതറിന്റെ ജീവിതത്തിനുനേരെ ആക്രമണം രൂക്ഷമായി. അവൾക്ക് ലഭിച്ചിരുന്ന അറിവുകൾ പിശാചിൽ നിന്നാണെന്ന് ചിലർ പറഞ്ഞുപരത്തി. ദിവസവും ദിവ്യകാരുണ്യം സ്വീകരിച്ചിരുന്ന കാതറിൻ വിതുമ്പിക്കരയുന്നതും ഈശോയെ സ്വീകരിച്ചതിനുശേഷം ഗാഢമായൊരു അനുഭൂതിയിൽ ലയിക്കുന്നതുമൊക്കെ അഭിനയമായി അവർ മുദ്രകുത്തി. പലപ്പോഴും ദൈവാലയത്തിൽ നിന്ന് അവൾ ബലം പ്രയോഗിച്ച് പുറത്താക്കപ്പെട്ടു. അധികാരികളുടെ പക്കൽ ഇത്തരം ആരോപണങ്ങളെത്തിയെങ്കിലും അവളുടെ വിശുദ്ധിയിലും മഹത്തായ ജീവിതത്തിലും അവർ അതിശയിക്കുകയാണുണ്ടായത്.

വളരെ വിശുദ്ധനായൊരു വൈദികനെ അവളുടെ കുമ്പസാരക്കാരനും ആദ്ധ്യാത്മികപിതാവുമായി നൽകപ്പെട്ടു. അദ്ദേഹത്തിന്റെ മഹനീയമായ ഇടപെടൽ മൂലം കാതറിന്റെ ഖ്യാതി സീയന്നയിൽ നിന്ന് പുറത്തേക്കും പ്രസരിക്കുവാൻ തുടങ്ങി. ആദ്യകാലത്ത് ഈ വൈദികനും ചില സംശയങ്ങൾ കാതറിന്റെ കാര്യത്തിൽ തോന്നിയിരുന്നു. എങ്കിലും യേശുതന്നെ അവരുടെ സംവാദങ്ങളുടെ ഇടയിൽ പ്രത്യക്ഷപ്പെട്ട് എല്ലാം അദ്ദേഹത്തിന് വ്യക്തമാക്കിനൽകിയിരുന്നു. പിന്നീട് ഈ വൈദികനാണ് കാതറിന്റെ ആശയങ്ങളും ജ്ഞാനം നിറഞ്ഞ വചസ്സുകളും വിശ്വാസികൾക്ക് ലഭ്യമാകുന്നതിൽ വലിയ പങ്കുവഹിച്ചത്. ഒരു ദിവസം യേശു കാതറിന് പ്രത്യക്ഷനായി രണ്ടു കിരീടങ്ങൾ അവൾക്ക് സമ്മാനിച്ചു. ഒന്ന് സ്വർണത്തിന്റേതും മറ്റൊന്ന് മുള്ളുകൾ കൊണ്ട് നിർമ്മിച്ചതും. ഏതാണ് വേണ്ടതെന്ന് ചോദിച്ചപ്പോൾ കാതറിൻ മുള്ളുകൾ കൊണ്ടുള്ളത് തിരഞ്ഞെടുത്തു. യേശു പറഞ്ഞു 'നിന്റെ തിരഞ്ഞെടുപ്പ് നന്നായിരിക്കുന്നു. ഭൂമിയിൽ നീ മുള്ളുകൾ നിറഞ്ഞ കിരീടമാണ് അണിയുന്നതെങ്കിലും സ്വർഗത്തിൽ നിത്യമായി സുവർണകിരീടമണിയും'.

അവളുടെ ആത്മീയ പിതാവായ ഫാ. റെയ്മണ്ഡ് ഒരിക്കൽ സഹോദരിമാർക്കുവേണ്ടി ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിക്കുകയായിരുന്നു. പെട്ടെന്ന് കാതറിൻ അഭൗമികമായൊരു അനുഭൂതിയിലായി. അദ്ദേഹത്തിന്റെ വാക്കുകളിൽ സ്വർഗം ദർശിക്കുന്നതുപോലുള്ള അനുഭവമായിരുന്നു കാതറിന്റെ മുഖത്ത്. പെട്ടെന്ന് അവൾ നിലത്തുവീണ് പിടഞ്ഞു. സഹോദരിമാരും ഫാദർ റെയ്മണ്ടും എന്താണ് സംഭവിക്കുന്നതെന്നറിയാതെ വിഷമിച്ചു. കാതറിൻ പതിയെ മുട്ടിൻമേൽ നിന്നു. എന്നിട്ട് അദ്ദേഹത്തോട് പറഞ്ഞു 'ഫാദർ, എനിക്കിപ്പോൾ കർത്താവിന്റെ തിരുമുറിവുകൾ ലഭിച്ചിരിക്കുന്നു.'വേദനകൾ അവൾ അനുഭവിച്ചെങ്കിലും, ശരീരത്തിൽ വ്യക്തമായ അടയാളങ്ങളുണ്ടായിരുന്നില്ല. അന്നുമുതൽ ഏഴു വർഷത്തേക്ക് ദിവ്യകാരുണ്യമല്ലാതെ മറ്റൊന്നും അവൾ ഭക്ഷിച്ചില്ല. ഈ ഏഴു വർഷവും സാധാരണ വ്യക്തികളെപ്പോലെ ഊർജ്ജസ്വലയായി തന്നെയാണ് കാതറിൻ കാണപ്പെട്ടത്. അവളുടെ ജീവിതത്തിലെ മഹനീയ പുസ്തകങ്ങൾ പലതും എഴുതപ്പെട്ടത് ഇക്കാലഘട്ടത്തിലാണ്. ആരോഗ്യപരമായ യാതൊരു വിഷമതകളും അക്കാലത്ത് അവൾ പ്രകടിപ്പിച്ചിരുന്നുമില്ല. ഏറ്റവും വേദനാജനകമായി അവൾക്ക് ഇക്കാലത്ത് അനുഭവപ്പെട്ടത് അനുദിനം വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനുള്ള അനുവാദം നിഷേധിക്കപ്പെട്ടതായിരുന്നു. വിശുദ്ധ ബലിമധ്യേ അവൾ അൾത്താരയിലേക്ക് നോക്കി നിർവൃതിയടയുമായിരുന്നു.

പിന്നീട് ഗ്രിഗറി പതിനൊന്നാമൻ പാപ്പ പ്രത്യേക അനുമതിയിലൂടെ അനുദിനം വിശുദ്ധ കുർബാന സ്വീകരിക്കുവാനുള്ള അനുവാദം അവൾക്ക് നൽകുകയുണ്ടായി.വിശുദ്ധ ബലിമധ്യേ അന്ത്യത്താഴസമയത്ത് യേശു തന്റെ ശിഷ്യൻമാർക്ക് അപ്പം വിഭജിച്ചുനൽകുന്നതും അവർ അതു വാങ്ങി ഭക്ഷിക്കുന്നതും അവൾ വ്യക്തമായി കണ്ടിരുന്നു. അത്ഭുതകരമായ ആത്മീയാനുഭൂതിയിൽ അവൾ ആ നിമിഷങ്ങളിൽ ലയിച്ചുപൊകുമായിരുന്നു. ആത്മാക്കളെ വിവേചിച്ചറിയുന്നതിനും പ്രാർത്ഥന ആവശ്യമുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനുമുള്ള പ്രത്യേക വരം കാതറിന് ലഭിച്ചിരുന്നു. വായിക്കുവാൻ സാധിച്ചിരുന്നെങ്കിലും കാതറിന് എഴുതുവാൻ അറിയുമായിരുന്നില്ല. അവളുടെ കത്തുകളും പുസ്തകങ്ങളും മറ്റുള്ളവർക്ക് പറഞ്ഞുകൊടുത്ത് എഴുതിപ്പിച്ചതാണ്. ധാരാളം വ്യക്തികൾ ഒരേ സമയം പല വിഷയങ്ങളെക്കുറിച്ച് എഴുതിക്കൊണ്ടിരുന്നിട്ടും പലരും അവളുടെ ചിന്തകൾക്കൊപ്പം എഴുതിയെത്തുവാൻ

വളരെ കഷ്ടപ്പെട്ടിരുന്നുവെന്ന് ചരിത്രം സാക്ഷിക്കുന്നു. ആവശ്യമില്ലാത്ത ഒരു വാക്കും അവളിൽനിന്നും വന്നില്ല. ആവശ്യമുള്ളതൊന്നും അവൾ വിട്ടുപോയുമില്ല. സഭയിൽ നവോത്ഥാനത്തിനും ഉണർവിനുമായി എന്താണ് ചെയ്യേണ്ടത് എന്നു കാണിച്ചുകൊണ്ട് പിതാക്കൻമാർക്കും മാർപ്പാപ്പയ്ക്കുപോലും അവൾ കത്തുകളയയ്ക്കുമായിരുന്നു. പരിശുദ്ധ പിതാവിനോടുള്ള അവളുടെ വിശ്വസ്തത അസാധാരണമായിരുന്നു.

പരിശുദ്ധ പിതാവിനെതിരെ പ്രവർത്തിക്കുന്നവർ ആത്മീയ മരണത്തിന് വിധിക്കപ്പെട്ടവരാണെന്നായിരുന്നു കാതറിന്റെ പക്ഷം.പരിശുദ്ധ പിതാവിന് അവൾ വളരെ സ്നേഹം നിറഞ്ഞ കത്തുകൾ എഴുതുമായിരുന്നു. സ്വന്തം പിതാവിനോടു സംസാരിക്കുന്ന സ്വാതന്ത്ര്യത്തോടും സ്നേഹത്തോടുമുള്ള അവളുടെ കത്തുകൾ ഇന്നും പ്രഖ്യാതമാണ്. പരിശുദ്ധ പിതാവ് അതിനൊക്കെ മറുപടിയും നൽകിയിരുന്നു. ഫ്രാൻസിലെ, അവിഞ്ഞോണിൽ പരിശുദ്ധ പിതാവിനെ കാണുവാനായി 1376 ൽ കാതറിൻ പോയി. നാലുമാസത്തോളം അവൾ അവിഞ്ഞോണിൽ താമസിച്ചു. കത്തോലിക്കാസഭയുടെ എക്കാലത്തെയും വലിയ പ്രശ്നങ്ങളിൽ തീരുമാനമാകുന്നതിന് ഇതിടയാക്കി. കുറച്ചുവർഷങ്ങളായി പരിശുദ്ധ പിതാവിന്റെ സിംഹാസനം റോമിൽ നിന്ന് അവിഞ്ഞോണിലേക്ക് മാറ്റിയിരുന്നു. മാർപ്പാപ്പ അവിഞ്ഞോണിൽ നിന്ന് വീണ്ടും റോമിലേക്ക് താമസം മാറി. ഗ്രിഗറി പതിനൊന്നാമനുശേഷം പാപ്പയായ അർബൻ ആറാമൻ പാപ്പ ഇക്കാര്യത്തിൽ വളരെ കാർക്കശ്യം കാണിച്ചു. തന്റെ കർദ്ദിനാൾ സംഘത്തിൽ ഒരു ഫ്രഞ്ച് മെത്രാനെപ്പോലും ഉൾപ്പെടുത്തിയില്ല. അതിൽ പ്രതിഷേധിച്ച് ഫ്രഞ്ച് കർദ്ദിനാൾ സംഘം മറ്റൊരു മാർപ്പാപ്പയെ തിരഞ്ഞെടുത്തു. കാതറിൻ നേരത്തെതന്നെ പ്രവചിച്ചിരുന്ന വലിയ ഭിന്നതയ്ക്ക് ഇവിടെ തുടക്കം കുറിക്കുകയായിരുന്നു. പ്രശ്നം ഗുരുതരമായപ്പോൾ പരിശുദ്ധ പിതാവ് കാതറിനെ റോമിലേക്ക് വിളിപ്പിച്ചു. തിരുസംഘത്തോട് സംസാരിക്കുവാൻ കാതറിനോട് പരിശുദ്ധ പിതാവ് നിർദേശിച്ചു. അവളുടെ ജ്ഞാനം നിറഞ്ഞ വാക്കുകൾ ഏവർക്കും പ്രചോദനം നൽകുന്നതായിരുന്നു. ദൈവത്തിന്റെ ശക്തിയിൽ ആശ്രയിക്കുവാനും മനുഷ്യരുടെ ബലഹീനമായ ശക്തിയിൽ ആശ്രയം വയ്ക്കാതിരിക്കുവാനും അവൾ അവരെ ഉദ്ബോധിപ്പിച്ചു.

പ്രതിസന്ധികളിൽ മനസ്സുതളരാതെ ദൈവത്തോടൊപ്പം അതിനെ സമീപിക്കുകയാണ് വിജയത്തിലേക്കുള്ള മാർഗ്ഗം. ദൈവത്തോടൊപ്പം സമീപിക്കുന്നില്ലെങ്കിൽ പ്രശ്നങ്ങൾ പ്രശ്നങ്ങളായി നിലനിൽക്കുകയും നിരന്തരം നമുക്ക് അസ്വസ്ഥതയുണ്ടാക്കുകയും ചെയ്യും. അവളുടെ അവസാന നാളുകളിൽ പ്രാർത്ഥനകളിൽ നാം ഉയർന്നുകേൾക്കുന്ന വിലാപമിപ്രകാരമാണ്. സഭയുടെ ഐക്യത്തിനും സുസ്ഥിതിക്കും വേണ്ടി എന്റെ ആത്മാവിനെ അങ്ങ് ബലിയായി സ്വീകരിക്കണമേ. എന്റെ ഹൃദയവും ശരീരവും ആത്മാവും അങ്ങ് എടുത്തുകൊള്ളുക. അങ്ങെനിക്ക് തന്നതല്ലാതെ എനിക്കെന്താണ് അങ്ങേയ്ക്ക് തരുവാനുള്ളത്.അമ്മയായ സഭയെ ജീവൻ കൊടുത്തും സ്നേഹിക്കുവാൻ അവൾ തയ്യാറായിരുന്നു. മരണശേഷവും തന്റെ പ്രാർത്ഥനകളിൽ സഭയുടെ ഐക്യവും സുസ്ഥിതിയും ഉണ്ടായിരിക്കുമെന്ന് അവൾ അധികാരികൾക്ക് ഉറപ്പ് നൽകി. പിന്നീടുള്ള അവളുടെ ജീവിതം രോഗത്തിന്റെയും കഷ്ടപ്പാടിന്റെയും ആയിരുന്നു. ഒരു വർഷത്തോളം രോഗിണിയായി ജീവിച്ചതിനുശേഷം തന്റെ നിത്യസമ്മാനം വാങ്ങുവാനായി അവൾ യാത്രയായി. അവളുടെ ജീവിതം സഭയുടെ നന്മയ്ക്കും വിജയത്തിനും വേണ്ടി സമർപ്പിക്കപ്പെട്ട ജീവിതമായിരുന്നു.

1461 ലാണ് കാതറിൻ വിശുദ്ധരുടെ ഗണത്തിലേക്കുയർത്തപ്പെട്ടത്. 1970 ൽ പരിശുദ്ധ പിതാവ് പോൾ ആറാമൻ പാപ്പ അവളെ വേദപാരംഗതയായി പ്രഖ്യാപിച്ചു. യേശുവുമായി ഇത്രമേൽ ആഴമായ ബന്ധം സ്ഥാപിക്കുവാൻ കഴിഞ്ഞ കാതറിൻ, വളരെയേറെ സ്നേഹിക്കുകയും ജീവൻ ബലിയായികൊടുക്കുകയും ചെയ്തത് സഭയ്ക്കു വേണ്ടിയായിരുന്നു. ക്രിസ്തുവിനോടുള്ള സ്നേഹം സഭയോടുള്ള സ്നേഹത്തെ വളർത്തുന്നു. വിദ്യാഭ്യാസമില്ലാത്ത, എഴുതുവാനറിയാത്ത കാതറിൻ വേദപാരംഗതരായ മൂന്നു സ്ത്രീകളിൽ ഒരാളായി സഭയിൽ ഉയർത്തപ്പെട്ടത് എത്രയോ ശ്രേഷ്ഠമാണ്. ദൈവം തരുന്ന ജ്ഞാനം മനുഷ്യർ ആർജ്ജിക്കുന്ന അറിവിനേക്കാൾ എത്രയോ മഹത്തരവും വിശിഷ്ടവുമാണ്.

വിശുദ്ധ കാതറിൻ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ...